**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 287** **14-07-2022 - ൽ മറുപടിയ്ക്ക്**

**മീറ്റ് സ്ട്രാറ്റജിക് പ്ലാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇറച്ചി, മുട്ട ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി മീറ്റ് സ്ട്രാറ്റജിക് പ്ലാൻ നടപ്പിൽ വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | ഇറച്ചിയുടെ ഉത്പാദനം, സംസ്കരണം, വിതരണം എന്നിവയ്ക്ക് ഒരു മീറ്റ് സ്ട്രാറ്റജിക്ക് പ്ലാൻ ഉണ്ടാക്കുന്നത് സംബന്ധിച്ച് 30.09.2021ൽ ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്ന് ഇതുമായി ബന്ധപ്പെട്ട് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സംസ്ഥാനത്ത് സമഗ്രമായ ഒരു മീറ്റ് സ്ട്രാറ്റജിക് പ്ലാൻ രൂപീകരിക്കുന്നതിനുമായി പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറും ഈ മേഖലയിലെ വിഷയ വിദഗ്ധരും അടങ്ങിയ ഒരു കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റി സ്ട്രാറ്റജിക് പ്ലാൻ രൂപീകരിക്കുന്നതിന് ആവശ്യമായ ചർച്ചകൾ നടത്തി വരുന്നു. എം.പി.ഐ യുടെ കീഴിൽ കൊല്ലം ജില്ലയിലെ ഏരൂർ എന്ന സ്ഥലത്ത് മൂല്യവർദ്ധിത ഇറച്ചി ഉല്പന്നശാല പൂർത്തിയായി. മാംസ ഉത്പാദനം പ്രോത്സാഹിപ്പിക്കാൻ മൃഗസംരക്ഷണ വകുപ്പ് മുഖാന്തിരം പോത്തുകുട്ടി വളർത്തൽ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | പൊതുമേഖല സ്ഥാപനമായ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ ഉല്പന്നങ്ങൾക്ക് ആഭ്യന്തര, അന്തർദേശീയ വിപണി കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇൻഡ്യയുടെ ഉൽപന്നങ്ങൾക്ക് അന്തർദ്ദേശീയ വിപണി കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഹൈടെക്ക് സ്ലോട്ടർ ഹൗസിന്റെ ഉൽപാദനശേഷി പരമാവധി ഉപയോഗിക്കാനുള്ള പ്രവർത്തന മൂലധനം ലഭ്യമാക്കി കയറ്റുമതി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ആഭ്യന്തര വിപണി വിപുലീകരണത്തിന്റെ ഭാഗമായി കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സൂപ്പർ മാർക്കറ്റ്; ഹൈപ്പർ മാർക്കറ്റ്, പീപ്പിൾസ് ബസാർ എന്നിവിടങ്ങളിൽ എം.പി.ഐ. ഇറച്ചി ഉൽപ്പന്നങ്ങൾ വിപണനം നടത്താനുള്ള സ്റ്റാളുകൾ തുടങ്ങാൻ |

| | | | |
|---|---|---|---|
| | | | നടപടികളായിട്ടുണ്ട്. 2022-23 സാമ്പത്തികവർഷം ഇതിനായി 1 കോടിരൂപ സംസ്ഥാന ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. 5 സ്റ്റാളുകളും, 450-ൽ പരം ഡീലർഷോപ്പുകളും എം.പി.ഐ-യുടെ സ്വന്തമായുള്ള 7 ഔട്ട് ലെറ്റുകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നു.<br><br>മത്സ്യഫെഡുമായി സഹകരിച്ച് രണ്ടു സ്ഥാപനങ്ങളുടെയും ഉൽപ്പന്നങ്ങൾ പരസ്പരം വിപണനം നടത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അന്യസംസ്ഥാനങ്ങളിൽ കൂടി എം.പി.ഐ ഉൽപന്നങ്ങൾ വിപണനം നടത്താൻ ഡിസ്ട്രിബ്യൂട്ടർമാരെ നിയോഗിക്കുന്നതാണ്. |
| (സി) | അന്തർദേശീയ വിപണികളിൽ ഉല്പന്നങ്ങളുടെ ഗുണനിലവാരവും സുരക്ഷിതത്വവും കൂടുതൽ പരിഗണിക്കപ്പെടുന്നതിനാൽ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ മാംസ ഉല്പന്നങ്ങളുടെ ഗുണനിലവാര പരിശോധന കാര്യക്ഷമമായി നടത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; | (സി) | ഉൽപന്നങ്ങളുടെ ഗുണനിലവാരവും സുരക്ഷിതത്വവും ഉറപ്പുവരുത്തുവാൻ എം.പി.ഐ. താഴെപ്പറയുന്ന മാനദണ്ഡങ്ങൾ സ്വീകരിച്ചിട്ടുണ്ട്:<br><br>1. FSSAI ലൈസൻസ്<br><br>2. ഭക്ഷ്യ സുരക്ഷാ നിയമപ്രകാരമുള്ള 2013-ലെ രജിസ്ട്രേഷൻ<br><br>3. മൃഗങ്ങളോടുള്ള ക്രൂരതാ നിരോധന നിയമം (1960) പാലിച്ചുള്ള കശാപ്പ് മാർഗ്ഗങ്ങൾ സ്വീകരിക്കുന്നു. വെറ്ററിനറി ഡോക്ടർമാർ നേരിട്ടുതന്നെ കശാപ്പിനുള്ള മൃഗങ്ങളുടെ ആന്റിമോർട്ടം/പോസ്റ്റ് മോർട്ടം എന്നിവ നടത്തിവരുന്നു.<br><br>4. അത്യാധുനിക സംവിധാനങ്ങളുള്ള അബറ്റയർ സ്ഥാപിച്ചുകൊണ്ടുള്ള ഉത്പാദന പ്രക്രിയ<br><br>5. കോൾഡ് ചെയിൻ സമ്പ്രദായത്തിലുള്ള ഇറച്ചി ഉൽപന്ന വിതരണ ശൃംഖല<br><br>6. അത്യാധുനിക ക്വാളിറ്റി കൺട്രോൾ ലാബ്<br><br>7. ഫുഡ് ടെക്നോളജിസ്റ്റ് /മൈക്രോ ബയോളജിസ്റ്റ് ഇവരുടെ സേവനം<br><br>8. കയറ്റുമതി നടത്തുന്നതിന്റെ ഭാഗമായുള്ള HACCP /ISO സർട്ടിഫിക്കേഷനുകൾ, APEDA രജിസ്ട്രേഷൻ എന്നിവയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ ഉല്പന്നങ്ങൾ ഹോം ഡെലിവറിയായി എത്തിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യയുടെ ഉൽപന്നങ്ങൾ ഹോം ഡെലിവറിയായി സ്വന്തം ഔട്ട് ലെറ്റുകളിൽനിന്ന് കമ്പനിതന്നെ നേരിട്ടും മറ്റിടങ്ങളിൽ അംഗീകൃത ഏജൻസികൾ വഴിയും പരിമിതമായ രീതിയിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇത് പൂർണ്ണതോതിൽ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ